'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ നഗരസഭകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ച അസിസ്റ്റന്റ് എഞ്ചിനിയർമാരുടെ നിയമന കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിച്ചു നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

G.O.(Rt)No.1238/2019/LSGD  തീയതി,തിരുവനന്തപുരം, 18/06/2019

---

പരാമർശം:- 1 നഗരകാര്യ ഡയറക്ടറുടെ 07.01.2019 ലെ ഡി.സി.3/9653/18 നമ്പർ സർക്കുലർ

2 27-05-2019-ലെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗത്തിന്റെ 14-ാം നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് എല്ലാ നഗരസഭകളിലും ആവശ്യമുളള പക്ഷം ഒരു അസിസ്റ്റന്റ് എഞ്ചിനീയറെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നഗരകാര്യ ഡയറക്ടറുടെ പരാമർശം (1) സർക്കുലർ പ്രകാരം അനുമതി നൽകിയിരുന്നു. ഇത്തരത്തിൽ നിയമിക്കപ്പെട്ടവരുടെ നിയമനകാലാവധി 31.03.2019-ന് അവസാനിച്ച സാഹചര്യത്തിൽ ടി അസിസ്റ്റന്റ് എഞ്ചിനിയർമാരുടെ സേവന കാലാവധി ഒരു വർഷം കൂടി നീട്ടി നൽകുന്നതിന് പരാമർശം ( 2 ) പ്രകാരം തീരുമാനിക്കുകയുണ്ടായി.

2. ഇക്കാര്യം സർക്കാർ പരിശോധിച്ചു. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനായി 31/03/2019 വരെ നഗരസഭകളിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുളള അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ സേവനം തുടർന്നും ആവശ്യമുളള പക്ഷം, ടി ജീവനക്കാരുടെ കഴിഞ്ഞവർഷത്തെ പ്രവർത്തന മികവ് പരിശോധിച്ച ശേഷം തൃപ്തികരമാണെങ്കിൽ 01.04.2019 മുതൽ ഒരു വർഷം കൂടി കരാർ നിയമനം ദീർഘിപ്പിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MINI MOL D

DEPUTY SECRETARY

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ മുനിസിപ്പൽ കോർപ്പേറേഷൻ മേയർമാർക്കും / സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും / സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ